**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 466** **06-12-2022 - ൽ മറുപടിയ്ക്ക്**

**വിവിധ വായ്പാകുടിശ്ശിക ഗഡുക്കളാക്കി തിരിച്ചടയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ തുടങ്ങിയ വായ്പകളിന്മേൽ കുടിശ്ശിക വന്നതിനാൽ ബാങ്കുകൾ സർഫാസി ആക്ട് പ്രകാരം ജപ്തി നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ വായ്പകൾ എഴുതിതള്ളുന്ന കാര്യം സർക്കാർ പരിഗണിനയിലുണ്ടോ, വിശദമാക്കുമോ; | (എ) | 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ (SARFAESI ACT) 31-ാം വകുപ്പിന്റെ (ഐ) ഖണ്ഡിക പ്രകാരം പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ഒരു കൃഷി ഭൂമി സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് ബാധകമാകുന്നില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമാനമായി 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നത് ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങളെ ദുരിതത്തിലേക്ക് തള്ളിവിടുമെന്നു കണ്ട് 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ SARFAESI ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് കേരള നിയമസഭ ഐകകണ്ഠേന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. അതനുസരിച്ച് പ്രസ്തുത പ്രമേയത്തിന്റെ പകർപ്പ് കേന്ദ്ര സർക്കാരിനയച്ചു കൊടുക്കുകയും ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി വരുത്തുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. ഈ വിഷയം നിലവിൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇല്ലെങ്കിൽ ബാങ്കുകളുമായി ചർച്ച ചെയ്ത് ഇത്തരം കുടിശ്ശിക തുക ഗഡുക്കളായി അടയ്ക്കുന്നതിന് സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 2002-ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ (SARFAESI ACT) 31-ാം വകുപ്പിന്റെ (ഐ) ഖണ്ഡിക പ്രകാരം പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ഒരു കൃഷി ഭൂമി സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് |

| | | | |
|---|---|---|---|
| | | | ബാധകമാകുന്നില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമാനമായി 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് പ്രസ്തുത ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നത് ലക്ഷക്കണക്കിന് നിർദ്ധന കുടുംബങ്ങളെ ദുരിതത്തിലേക്ക് തള്ളിവിടുമെന്നു കണ്ട് 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ SARFAESI ആക്ടിന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് കേരള നിയമസഭ ഐകകണ്ഠേന ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. അതനുസരിച്ച് പ്രസ്തുത പ്രമേയത്തിന്റെ പകർപ്പ് കേന്ദ്ര സർക്കാരിനയച്ചു കൊടുക്കുകയും ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി വരുത്തുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. ഈ വിഷയം നിലവിൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ